നമ്പർ.സി1/18141/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.19/05/2015.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% ഒഴിവുകളിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് - സർവ്വീസ് കാർഡ് ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന : 1. സർക്കാർ ഉത്തരവ് (പി) നമ്പർ.1/2014/ഉ.ഭ.പ.വ. തീയതി.03/01/2014
2. സർക്കാർ ഉത്തരവ് (പി) നമ്പർ.21/2014/ഉ.ഭ.പ.വ. തീയതി.19/07/2014

സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും കേഡർ സ്ട്രെംങ്തിന്റെ 10% തസ്തികമാറ്റം വഴി (ക്ലാർക്ക്/ടൈപ്പിസ്റ്റ്) സ്ഥാനക്കയറ്റം നൽകാൻ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഹെഡ്ക്വാർട്ടേഴ്സ് യൂണിറ്റിൽ (പരീക്ഷാ ഭവൻ, ടെക്സ്റ്റ്ബുക്ക് ഓഫീസ് ഉൾപ്പെടെ) സേവനമനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യത ഉള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ/താഴ്ന്ന ശമ്പള സ്കെയിലിൽ സേവമനുഷ്ഠിക്കുന്ന ജീവനക്കാർ എന്നിവരിൽ നിന്നും സർവ്വീസ് കാർഡ് ക്ഷണിക്കുന്നു. ഇതോടൊപ്പമുള്ള സർവ്വീസ് കാർഡിലെ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ പകർപ്പും സർവ്വീസ് പുസ്തകവും സഹിതം 31/05/2015-നു മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും അപൂർണ്ണവും വ്യക്തമായി വിവരങ്ങൾ രേഖപ്പെടുത്താത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

കുറിപ്പ് : ഹെഡ്ക്വാർട്ടേഴ്സിൽ നിയമനം കിട്ടിയതിനു ശേഷം മറ്റു ഓഫീസുകളിൽ അന്യത്ര സേവനമനുഷ്ഠിക്കുന്ന ജീവനക്കാരും സർവ്വീസ് കാർഡ് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
വി.എസ്. ഉഷാകുമാരി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

// അംഗീകാരത്തോടെ //

സൂപ്രണ്ട്

പകർപ്പ് :

1. ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
2. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
3. എസ്.സി.ഇ.ആർ.റ്റി.
4. എസ്.എസ്.എ.

## സർവ്വീസ് കാർഡ് - ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ

1. പേര്, ഓഫീസ്, ഫോൺ നമ്പർ
2. ഇപ്പോൾ ജോലി നോക്കുന്ന തസ്തിക
3. ജനന തീയതി
4. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ/താഴ്ന്ന ശമ്പള സ്കെയിലിൽ ജോലിയിൽ പ്രവേശിച്ച തീയതി
5. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ/താഴ്ന്ന ശമ്പള സ്കെയിലിൽ ആദ്യം നിയമനം ലഭിച്ച ജില്ല (ഹെഡ് ക്വാർട്ടേഴ്സ് നിയമനം ആണെങ്കിൽ വ്യക്തമാക്കുക)
6. ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ല
7. ഹെഡ്ക്വാർട്ടേഴ്സിൽ ജോലിയിൽ പ്രവേശിച്ച തീയതിയും തസ്തികയും
8. ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ/താഴ്ന്ന ശമ്പള സ്കെയിൽ തസ്തികയിലെ സീനിയോരിറ്റി റാങ്ക് നമ്പരും വർഷവും
9. പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നമ്പരും തീയതിയും
10. ശിക്ഷാ നടപടികൾക്ക് വിധേയനായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ
11. അന്തർജില്ല/അന്തർ വകുപ്പ് മാറ്റം സംബന്ധിച്ച വിവരങ്ങൾ
12. വിദേശവാസം/ശമ്പള രഹിത അവധി സംബന്ധിച്ച വിവരങ്ങൾ (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്)
13. <u>വിദ്യാഭ്യാസ യോഗ്യതകൾ</u> (സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്)

    1.

    2.

    3.

14. മറ്റു വിവരങ്ങൾ

15. സ്ഥാനക്കയറ്റ നിയമനം ലഭിക്കാൻ ആഗ്രഹിക്കുന്ന തസ്തിക : ക്ലാർക്ക് ടൈപ്പിസ്റ്റ്

    (പി.എസ്.സി. വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ സ്ഥാനക്കയറ്റ നിയമനത്തിന് ആവശ്യമാണ്)

(ഒപ്പ്)

സ്ഥലം :

തീയതി :